# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 252 — 26.09.2016 ൽ - മറുപടിക്ക്

## പുതിയ റേഷൻ കടകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബി. സത്യൻ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | പുതിയതായി റേഷൻ കട അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ ; | (എ) | പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന റേഷൻ കടയിൽ കുറഞ്ഞത് 400 റേഷൻ കാർഡുകൾ എങ്കിലും ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ട്. പുതിയ റേഷൻ കട അനുവദിക്കുന്നതുമൂലം സമീപ പ്രദേശങ്ങളിലെ റേഷൻ കടകളുടെ പ്രവർത്തനത്തെ ബാധിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തണം. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതി പ്രകാരമാണ് റേഷൻ കട അനുവദിക്കുന്നത്. |
| (ബി) | പഴയ കുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ പുതിയ റേഷൻ കട അനുവദിക്കണമെന്ന അപേക്ഷ പരിഗണിച്ച് ബഹു. മന്ത്രിയുടെ ഓഫീസിൽ നിന്നും 06.08.2016-ന് 203/VIP/M(FCS&LM)/16 നമ്പരായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടർക്ക് അയച്ചു കൊടുത്ത ഫയലിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് പുതിയ ഫയൽ നമ്പർ ഉൾപ്പെടെ വിശദമാക്കാമോ ? | (ബി) | പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ 5-ാം വാർഡിൽ പുതിയ റേഷൻ കട അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷയിന്മേൽ സിവിൽ സപ്ലൈസ് ഡയറക്ടർ തിരുവനന്തപുരം ജില്ലാ സപ്ലൈ ആഫീസറുടെ അഭിപ്രായം സി.എസ്. എ4-19657/16 എന്ന നമ്പർ ഫയൽ പ്രകാരം ആരാഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ